16 (1748) കംപ്യൂട്ടറൈസേഷൻ മൂലം ചെലവു കുറയ്ക്കൽ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എഴുത്തുകുത്തുകൾ നടത്താൻ പ്രതിവർഷം ശരാശരി എത്ര രൂപയുടെ ഫോറങ്ങളും പേപ്പറുകളും ആവശ്യമുണ്ട്.

(ബി) കംപ്യൂട്ടറൈസേഷനിലൂടെ പ്രസ്തുത ചെലവു കുറയ്ക്കുവാൻ സാധിക്കുമോ എന്ന് ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാരിന്റെ ഉപയോഗത്തിനായി വിവിധ വകുപ്പുകൾക്കും പ്രസ്സുകൾക്കുമായി പ്രതിവർഷം ശരാശരി 6.58 കോടി രൂപയുടെ വിവിധയിനം പേപ്പറുകൾ ആവശ്യമുണ്ട്.

(ബി) നിർദ്ദേശം നിലവിലില്ല.

17 (1749) അന്തർ സംസ്ഥാന നികുതി നയം

ശ്രീ.പി.കെ.കെ.ബാവ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ്കുട്ടി :
ശ്രീ. കെ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർസംസ്ഥാന നികുതി നയം നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം;

(ഡി) കേന്ദ്ര നിർദ്ദേശങ്ങൾ നടപ്പിലാക്കിയാൽ സംസ്ഥാനത്തെ അത് ദോഷകരമായി ബാധിക്കുമോ?

ഉത്തരം

(എ) അന്തർസംസ്ഥാന നികുതി നയം കേന്ദ്ര സർക്കാരാണ് രൂപീകക്കരിക്കുന്നത്.1956-ലെ കേന്ദ്രവില്പന നികുതി നിയമമാണ് ഇപ്പോൾ നിലവിലുള്ളത് അത് കേരളത്തിലും നടപ്പിലാക്കിവരുന്നു

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

18 (1750) വില്പനനികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക

ശ്രീ. ബി. വിജയകുമാർ :
ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly